"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- അട്ടപ്പാടി ഫോറസ്റ്റ് റേഞ്ചിലെ പുത്തൂർ ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കേ ജോലിയിൽ നിന്നും രാജി വച്ച ശ്രീ. ശിവാനന്ദൻ . വി.യ്ക്ക്, പുനർനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.7/2024/F&WLD തീയതി,തിരുവനന്തപുരം, 23-02-2024.

---

പരാമർശം:-

1. ശ്രീ. ശിവാനന്ദൻ.വി സമർപ്പിച്ച 02.07.2021 ലെ അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.06.2022, 29.11.2022 തീയതികളിലെ ഇ7-1943/2021 നമ്പർ കത്തുകൾ.
3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 08.10.2023, 17.01.2024 തീയതികളിലെ ലെ A8-1/6/2023-KPSC നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ അട്ടപ്പാടി ഫോറസ്റ്റ് റേഞ്ചിലെ പുത്തൂർ ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കേ 31.05.2016 ൽ ജോലിയിൽ നിന്നും രാജി വച്ച ശ്രീ. ശിവാനന്ദൻ.വി, തന്റെ മാതാവ് മരണപ്പെട്ടതായും 70 വയസ്സായ അച്ഛനും മൂന്ന് സഹോദരിമാരും ആണ് ഉള്ളതെന്നും കൂലിപ്പണിയെടുത്താണ് ജീവിക്കുന്നതെന്നും, ജോലിയുടെ സമ്മർദ്ദവും ശാരീരികവും മാനസികവുമായ അപ്പോഴത്തെ ബുദ്ധിമുട്ടുകളും അറിവില്ലായ്മയും കാരണം പെട്ടെന്നുണ്ടായ വികാരത്തിൽ രാജി സമർപ്പിച്ചതാണെന്നും ആയത് മാപ്പാക്കി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീ. ശിവാനന്ദൻ സമർപ്പിച്ച രാജി 31.05.2016 തീയതി പ്രാബല്യത്തിൽ അംഗീകരിച്ച് മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായിരുന്നു. ശ്രീ.ശിവാനന്ദൻ.വി യ്ക്ക് ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഒന്നും തന്നെ നിലവിലില്ലായെന്നും, വനം വകുപ്പിൽ ജോലി ചെയ്യുന്നതിനാവശ്യമായ മെഡിക്കൽ ഫിറ്റ്നസ്സ് ഉണ്ടെന്നും 34 വയസ്സുള്ള ഇദ്ദേഹത്തിന് പുനർനിയമനം ലഭിക്കുകയാണെങ്കിൽ 21 വർഷത്തിലധികം ഇനിയും വനം വകുപ്പിലെ ഉത്തരവാദിത്വങ്ങൾ കൃത്യമായും നിർവഹിക്കാൻ പ്രാപ്തനാണെന്നും ഇദ്ദേഹം യാതൊരു കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടിട്ടില്ലായെന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ടി തസ്തികയിലെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചിരുന്നതായും ടിയാന് തിരികെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പുനർനിയമനം നൽകാവുന്നതാണെന്നും പരാമർശം (2) ലെ 19.06.2022 ലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. ശിവാനന്ദൻ.വി.യ്ക്ക് , കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം- 1 (d), സർക്കാർ തീരുമാനം- 2, കെ എസ് & എസ് എസ് ആർ ഭാഗം II ചട്ടം 33 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി, പബ്ലിക് സർവീസ് കമ്മീഷനിൽ ഇതിനോടകം അറിയിച്ചുള്ള ഒഴിവുകൾ കഴിഞ്ഞു വരുന്ന ഒഴിവിൽ ടിയാന് പുനർനിയമനം നൽകുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി തേടുകയും ചെയ്യുകയുണ്ടായി. സർക്കാരിന്റെ വിവേചനാധികാരം വിനിയോഗിച്ച് പി.എസ്.സി വഴിയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ഒരു വിധത്തിലും ബാധിക്കാത്ത വിധം ശ്രീ. ശിവാനന്ദൻ.വി.യ്ക്ക് പുനർനിയമനം നല്കാവുന്നതാണെന്ന് പരാമർശം (3) ലെ 17.01.2024 ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, അട്ടപ്പാടി ഫോറസ്റ്റ് റേഞ്ചിലെ പുത്തൂർ ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കേ 31.05.2016 ൽ ജോലിയിൽ നിന്നും രാജി വച്ച ശ്രീ. ശിവാനന്ദൻ.വി.യ്ക്ക്, കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം- 1 (d), സർക്കാർ തീരുമാനം- 2, കെ എസ് & എസ് എസ് ആർ ഭാഗം II ചട്ടം 33 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി, പി.എസ്.സി വഴിയുള്ള നിയമനത്തിനുള്ള ഒഴിവുകളെ ഒരു വിധത്തിലും ബാധിക്കാത്ത വിധം, അതായത്, പബ്ലിക് സർവീസ് കമ്മീഷനിൽ ഇതിനോടകം അറിയിച്ചിട്ടുള്ള ഒഴിവുകൾ കഴിഞ്ഞു വരുന്ന ഒഴിവിൽ, പുനർനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. ശിവാനന്ദൻ.വി, S/o വേലായുധൻ, കരിപ്പാലി, പട്ടഞ്ചേരി പി ഒ., പാലക്കാട്- 678532. (രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (10.01.2023 ലെ അഗ്രി-ബി2/306/2022-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 23-02-2024 10:45:35
സെക്ഷൻ ഓഫീസർ